# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജ്യോതി ജീവ പൂർണ്ണ ട്രസ്റ്റ് അർച്ചന വിമൻസ് സെന്റർ - അക്രഡിറ്റേഷൻ നൽകാമോ സംബന്ധിച്ച് ശുപാർശ നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.**1785/2017**/തസ്വഭവ          തീയതി, തിരുവനന്തപുരം **30.05.2017**

---

പരാമർശം :- 1. അർച്ചന വിമൻസ് സെന്റർ ഡയറക്ടറുടെ 23/05/2017-ലെ കത്ത്

2. സ:ഉ (എം.എസ്.) നം. 133/2013/ത.സ്വ.ഭ.വ. തീയതി 30.03.2013

## ഉത്തരവ്

നിർമ്മാണം, മാലിന്യ സംസ്കരണം, ജൈവ കൃഷി, പ്ളംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ശുദ്ധ ജല-ശുചിത്വ ബോധവത്കരണ പരിപാടികൾ, കുട്ടികൾക്കുള്ള നൈപുണ്യ വിദ്യാഭ്യാസം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള കൗൺസിലിംഗ് സേവനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള അക്രഡിറ്റേഷൻ ഏജൻസിയായി അർച്ചന വിമൻസ് സെന്ററിനെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അർച്ചന വിമൻസ് സെന്റർ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ പരിശീലനവും സേവനവും നൽകുന്നതിന് വേണ്ടിയുള്ള അക്രഡിറ്റേഷൻ ഏജൻസിയായി അംഗീകരിക്കണമെന്ന അർച്ചന വിമൻസ് സെന്ററിന്റെ ആവശ്യം സൂചന രണ്ടിലെ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ പരിശോധിച്ച് വിശദമായ റിപ്പോർട്ട് **അടിയന്തിരമായി** സർക്കാറിന് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായും കില ഡയറക്ടർ, ഡയറക്ടർ / നോമിനി ഹാബിറ്റാറ്റ്, ഡയറക്ടർ / നോമിനി കോസ്റ്റ് ഫോർഡ് എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവാകുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിന് പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 7( V ) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, കില, തൃശ്ശൂർ

ഡയറക്ടർ ഹാബിറ്റാറ്റ്

ഡയറക്ടർ, കോസ്റ്റ് ഫോർഡ്

ഡയറക്ടർ, അർച്ചന വിമൻസ് സെന്റർ , കോട്ടയം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**